**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2482** **17-03-2022 - ൽ മറുപടിയ്ക്ക്**

**ബജറ്റ് വിഹിതം ചെലവഴിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷത്തെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ എത്ര ശതമാനമാണ് ചെലവഴിക്കാൻ കഴിയാതെവന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 7280 കോടി രൂപ ഉൾപ്പെടെ 26572.46 കോടി രൂപ (കെ. എസ്. ഇ.ബി വിഹിതം ഒഴികെ) ആയിരുന്നു 2021-22 സാമ്പ ത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി ആസൂത്രണ വകുപ്പിന്റെ അംഗീകാരത്തോടെ വകയിരുത്തിയിരുന്നത്. ഇതിനു പുറമേ കേന്ദ്ര സഹായമുള്ള പദ്ധതികളുടെ വിഹിതമായുള്ള 9432.91 കോടി രൂപ കൂടി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുന്നു. ഇങ്ങനെ ആകെ 36005.37 കോടി രൂപ (കെ. എസ്. ഇ. ബി വിഹിതം ഒഴികെ) യാണ് പദ്ധതി നടത്തിപ്പിനായി 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നത്. ട്രഷറി കണക്കുകൾ പ്രകാരം മൊത്തം പദ്ധതി വിഹിത ത്തിന്റെ 89.92 ശതമാനമായ 32374.28 കോടി രൂപ (കെ.എസ്.ഇ.ബി വിഹിതം ഒഴികെ) ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ, കെ.എസ്.ഇ.ബി വിഹിതം ഒഴികെയുള്ള പദ്ധതി വിഹിതത്തിന്റെ 10.08 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുള്ളൂ. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ 108.15% (ട്രഷറി കണക്കു പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. ഇത് സർവകാല റെക്കോഡാണ്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള പ്രധാന വകുപ്പുകളിൽ 50 ശതമാനം തുകപോലും ചെലവഴിച്ചിട്ടില്ല എന്നത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കായി കഴിഞ്ഞ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ വിഹിതത്തിന്റെ 90.65 ശതമാനവും, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കായി കഴിഞ്ഞ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ വിഹിതത്തിന്റെ 92 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) | ട്രഷറി കണക്കുകൾ പ്രകാരം മൊത്തം പദ്ധതി വിഹിതത്തിന്റെ 89.92 ശതമാനമായ 32374.28 |

| | | | |
|---|---|---|---|
| | | | കോടി രൂപ (കെ.എസ്.ഇ.ബി വിഹിതം ഒഴികെ) ചെലവഴിച്ചിട്ടുണ്ട്. കോവിഡ്-19 മൂലമുണ്ടായ പ്രതിസന്ധികളും അതിനെ തുടർന്നുണ്ടായ ഭരണപരമായ കാലതാമസവുമാണ് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നതിനുള്ള കാരണം. |

സെക്ഷൻ ഓഫീസർ